LIBRARY ARCHIVES Kerala Legislative Assembly

ഫിഷറീസും സ്പോർട്സും വകുപ്പുമന്ത്രി *(ശ്രീ. ഡൊമിനിക് പ്രസന്റേഷൻ):* സർ, ഒരു നിയോജകമണ്ഡലത്തിലേയും ജനങ്ങളെ അനാഥരാക്കാൻ ഈ ഗവൺമെന്റ് ഉദ്ദേശിക്കുന്നില്ല. എല്ലാ ജനങ്ങളോടും ഈ ഗവൺമെന്റ് നീതി കാണിക്കുമെന്ന് ആമുഖമായി പറയുകയാണ്. 35.64 കോടി രൂപ ചെലവ് പ്രതീക്ഷിക്കുന്ന കൊയിലാണ്ടി ഫിഷിംഗ് ഹാർബറിന് കേന്ദ്ര പരിസ്ഥിതി മന്ത്രാലയത്തിന്റെ അനുമതി ലഭ്യമായിക്കഴിഞ്ഞു. ഈ പദ്ധതിയുടെ പുതുക്കിയ രൂപരേഖ കേന്ദ്ര സർക്കാരിന്റെ പരിഗണനയിലാണ്. കേന്ദ്ര സർക്കാരിന്റെ ഭരണാനുമതിയും ഫണ്ടും ആവശ്യമാണ്. ഭരണാനുമതി ലഭ്യമാക്കുന്നതുമായി ബന്ധപ്പെട്ട് കഴിഞ്ഞയാഴ്ച ചീഫ് എൻജിനീയർ അടക്കമുള്ള സംസ്ഥാനത്തെ ഉദ്യോഗസ്ഥന്മാർ ഡൽഹിയിൽ പോയി ചർച്ച നടത്തിയിരുന്നു. താമസിയാതെ ഭരണാനുമതി ലഭ്യമാകുമെന്നാണ് പ്രതീക്ഷിക്കുന്നത്. നമ്മുടെ ഈ വർഷത്തെ ബഡ്ജറ്റിൽ കൊയിലാണ്ടി ഫിഷിംഗ് ഹാർബർ പദ്ധതിക്കുവേണ്ടി പണം വക കൊള്ളിച്ചിട്ടുണ്ട്. മാത്രമല്ല, ഈ സർക്കാരിന്റെ കാലത്തുതന്നെ ഈ ഹാർബറിന്റെ പണി ആരംഭിക്കും.

(8) ഹയർസെക്കൻഡറി തലത്തിൽ പിന്നോക്ക സമുദായങ്ങളിൽപ്പെട്ട വിദ്യാർത്ഥികളുടെ സംവരണത്തിൽ വരുത്തിയ മാറ്റം

ഡോ. എ. നീലലോഹിതദാസൻ നാടാർ: സർ, കേരളത്തിലെ പിന്നോക്ക ജനവിഭാഗങ്ങളെ പൊതുവിലും ലത്തീൻ കത്തോലിക്കാ സമുദായത്തെ പ്രത്യേകിച്ചും ബാധിക്കുന്ന രണ്ട് സുപ്രധാന കാര്യങ്ങളുടെ നേർക്ക് ഈ സഭയുടേയും ബഹുമാനപ്പെട്ട മന്ത്രിയുടേയും ശ്രദ്ധ ക്ഷണിക്കുന്നതിനാണ് ഞാൻ ഈ സബ്മിഷൻ ഉന്നയിക്കുന്നത്. സർക്കാർ ഹയർ സെക്കൻഡറി സ്കൂളുകളിലേയും അതുപോലെ സർക്കാർ എയ്ഡഡ് ഹയർ സെക്കൻഡറി സ്കൂളുകളിലേയും വിദ്യാർത്ഥി പ്രവേശനത്തെ സംബന്ധിച്ച് സംസ്ഥാന ഗവൺമെന്റ് പല ഘട്ടങ്ങളിലായി 5 ജി.ഒ.കൾ പുറപ്പെടുവിച്ചിട്ടുണ്ട്. 27-2-1991-ലും 9-6-2003-ലും 17-6-2003-ലും 1-7-2005-ലും 4-7-2005-ലും ജി.ഒ.കൾ ഇറക്കുകയുണ്ടായി. ഈ ജി.ഒ.കൾ മുഖാന്തിരം കുറച്ച് കൺഫ്യൂഷൻ ഉണ്ടായിട്ടുണ്ട്. ഹയർ സെക്കൻഡറി സ്കൂളുകൾ, അത് സർക്കാർ എയ്ഡഡ് സ്കൂളുകളായാലും വിദ്യാർത്ഥി പ്രവേശനത്തിൽ പിന്നോക്ക ജനവിഭാഗങ്ങൾക്ക് പൊതുവിൽ കിട്ടിക്കൊണ്ടിരുന്ന സംവരണത്തിൽ കുറവ് വന്നിട്ടുണ്ട്. അതിൽ ഏറ്റവും കൂടുതൽ ബുദ്ധിമുട്ട് ഉണ്ടായിട്ടുള്ളത് ലത്തീൻ കത്തോലിക്കാ വിഭാഗത്തിനാണ്. അവർക്ക് രണ്ട് ശതമാനം സംവരണം ഉണ്ടായിരുന്നത് ഒരു ശതമാനമാക്കി കുറയ്ക്കുകയും അതിൽത്തന്നെ മറ്റ് വിഭാഗങ്ങളെക്കൂടി ക്ലബ് ചെയ്യുകയും ചെയ്തിരിക്കുന്ന അനീതിക്ക് അവസാനമുണ്ടാകണം. അതുപോലെ ലത്തീൻ ഭാഷ പഠിക്കുന്നതിന് നിലവിലുള്ള

ചട്ടങ്ങൾ മുഖാന്തിരം ചില ബുദ്ധിമുട്ടുകളുണ്ടായിട്ടുണ്ട്. താൽക്കാലികമായി അതു സംബന്ധിച്ച ഉത്തരവ് മരവിപ്പിച്ചിട്ടുണ്ട്. എങ്കിലും ശാശ്വതമായി ഈ പ്രശ്നത്തിന് പരിഹാരം കണ്ടെത്തണം. ഫിഷിംഗുമായി ബന്ധപ്പെട്ട ശാസ്ത്രവിഷയങ്ങളാണ് മറൈൻ ടെക്നോളജിയും ഓഷിയാനോഗ്രാഫിയും. ഇവ നമ്മുടെ എൻജിനീയറിംഗ് കോളേജുകളിൽ കൂടുതലായി തുടങ്ങുന്നതിനും പ്രത്യേകിച്ച് മത്സ്യബന്ധനത്തിൽ ഏർപ്പെട്ടിരിക്കുന്ന മുസ്ലീംങ്ങൾക്കും ക്രിസ്ത്യാനികൾക്കും ഹിന്ദുക്കൾക്കുമായി സംവരണം ചെയ്ത് ദുർബല ജനവിഭാഗത്തിന് സംവരണം നൽകുന്നതിനുള്ള നടപടി സ്വീകരിക്കുമോ? അതുപോലെ നരേന്ദ്രൻ കമ്മീഷൻ റിപ്പോർട്ടിന്റെ നിഗമനങ്ങളിൽ ചില പിന്നോക്ക വിഭാഗങ്ങൾ വിദ്യാഭ്യാസപരമായി ഇപ്പോഴും പിന്നോക്കാവസ്ഥയിലാണെന്ന് ചൂണ്ടിക്കാണിച്ചിട്ടുണ്ട്. ഇങ്ങനെയുള്ള പിന്നോക്ക വിഭാഗങ്ങളെ സംബന്ധിച്ചിടത്തോളം വിദ്യാഭ്യാസ സ്ഥാപനങ്ങളിലേക്കുള്ള പ്രവേശനത്തിന്റെ കാര്യത്തിൽ വർദ്ധിച്ച തോതിലുള്ള സംവരണം നൽകുന്ന കാര്യത്തിൽ ബഹുമാനപ്പെട്ട മന്ത്രിയും ഗവൺമെന്റും നടപടി സ്വീകരിക്കണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്.

വിദ്യാഭ്യാസ വകുപ്പുമന്ത്രി *(ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ)*: സർ, സംവരണം സംബന്ധിച്ച് ബഹുമാനപ്പെട്ട നീലലോഹിതദാസൻ നാടാർ ചൂണ്ടിക്കാണിച്ചത് രണ്ടു കാര്യങ്ങളാണ്. ഒന്ന് നിലവിലുള്ള സംവരണമാണ്. ഈ ഗവൺമെന്റ് വന്നതിനുശേഷമാണ് പ്ലസ് ടൂ-ൽ സംവരണം ഏർപ്പെടുത്തിയത്. വൊക്കേഷണൽ ഹയർ സെക്കൻഡറിയിൽ ഉണ്ടായിരുന്ന സംവരണം അതുപോലെ കോപ്പി ചെയ്തതാണ്. കുമാരപിള്ള കമ്മീഷൻ പ്രകാരമുള്ള റേറ്റ് അല്ല; അത് വ്യത്യസ്തമായ റേറ്റാണ്. നേരത്തെ ഉണ്ടായിരുന്നത് അങ്ങനെ തന്നെ നിലനിർത്തുകയായിരുന്നു. അതുകൊണ്ടാണ് ഈ പ്രശ്നം വന്നത്. അവർക്ക് മിനിമം ആ ശതമാനം ഉറപ്പുവരുത്തുന്നത് സംബന്ധിച്ച് പുനഃസംവിധാനം ആവശ്യമാണ്. ഞാൻ അവരോട് അത് പറഞ്ഞു. ഈ വർഷം ഇതില്ലാത്തതുകൊണ്ട് സീറ്റ് നഷ്ടപ്പെട്ടവരുണ്ടെങ്കിൽ ഏതെങ്കിലും സ്കൂളുകളിൽ അഡ്ജസ്റ്റ് ചെയ്ത് കൊടുക്കാമെന്ന് പറഞ്ഞിട്ടുണ്ട്. ഞാൻ സംഘടനകളോട് പറഞ്ഞിട്ടുണ്ട്. വേണ്ടത് ചെയ്യാം. അതുപോലെ പി.ജി. ക്വാളിഫിക്കേഷൻ ഇല്ലാത്തതുകൊണ്ട് അംഗീകാരം കിട്ടാത്ത ഉദ്യോഗസ്ഥരുണ്ടായിരുന്നു. ഞാൻ അവർക്ക് അംഗീകാരം കൊടുത്തു. അങ്ങനെ ആ പ്രശ്നവും തീർന്നിട്ടുണ്ട്. മാനേജ്മെന്റിന്റെ കമ്മ്യൂണിറ്റികൾക്ക് സീറ്റുകൾ പാടില്ലെന്നുള്ള നിലയിൽ കോടതി വിധി വന്നപ്പോൾ അദ്ദേഹം ചൂണ്ടിക്കാണിച്ച രണ്ടാമത്തെ ഉത്തരവു പ്രകാരം മാനേജുമെന്റുകൾ ആ സീറ്റുകൾ കൂടി മാനേജ്മെന്റ് സീറ്റുകളാക്കി മാറ്റുകയാണ്. മാനേജ്മെന്റ് സീറ്റ് എന്നുള്ള നിലയിൽ അവർ നാൽപ്പത് സീറ്റുകൾ എടുക്കുകയായിരുന്നു. 20 ശതമാനം കമ്മ്യൂണിറ്റിക്കുള്ള സീറ്റ് പോലെ 40 ശതമാനം സീറ്റുകൾ ആ ഉത്തരവിന്റെ മറവിൽ

LIBRARY ARCHIVES Kerala Legislative Assembly

അവർ അനുഭവിക്കുകയായിരുന്നു. ഈ ഗവൺമെന്റ് അത് മാറ്റി. അത് ബേക്ക്‌വേർഡിനു തന്നെ തിരിച്ചു കൊടുത്തു. നരേന്ദ്രൻ കമ്മീഷൻ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചപോലെ മറ്റ് സംവരണമില്ലാത്ത മേഖലകളിലേക്കുകൂടി സംവരണം വ്യാപിപ്പിക്കേണ്ടതുണ്ട്. അതിൽ നയപരമായ തീരുമാനം എടുത്തിട്ടില്ല. ഏതായാലും നരേന്ദ്രൻ കമ്മീഷൻ റിപ്പോർട്ടിന്റെ കാര്യത്തിൽ തീരുമാനമെടുക്കുന്ന സമയത്ത് അക്കാര്യംകൂടി കണക്കിലെടുത്ത് ആവശ്യമായ തീരുമാനം എടുക്കുന്നതാണ്.

(9) വനിതാ സ്പോർട്സ് അക്കാഡമി

ശ്രീ. പ്രയാർ ഗോപാലകൃഷ്ണൻ: സർ, ദക്ഷിണേന്ത്യൻ സംസ്ഥാനങ്ങൾക്കായി കേരളത്തിൽ അനുവദിച്ചിട്ടുള്ള വനിതാ സ്പോർട്സ് അക്കാഡമി ഞാൻ പ്രതിനിധാനം ചെയ്യുന്ന നിയോജകമണ്ഡലത്തിലെ ഇട്ടിവ പഞ്ചായത്തിൽ സ്ഥാപിക്കുന്നതിന് ബഹുമാന്യയായ കൃഷി വകുപ്പുമന്ത്രിയുടെ നേതൃത്വത്തിലുള്ള കോട്ടുക്കൽ ജില്ലാ കൃഷി ഭവനിൽ നിന്ന് 20 ഏക്കർ സ്ഥലം ബഹുമാന്യയായ കൃഷി വകുപ്പുമന്ത്രി അനുവദിക്കുകയും അതിനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. ഈ സംസ്ഥാനത്തെ സ്പോർട്സ് രംഗത്താകെ വലിയ നേട്ടമുണ്ടാക്കുന്ന ഒരു ബൃഹത്തായ പദ്ധതി പ്രാവർത്തികമാക്കാൻ ബഹുമാന്യനായ മുഖ്യമന്ത്രിയും പ്രത്യേക താല്പര്യം കാണിച്ചിട്ടുണ്ട്. ആ പദ്ധതി നടപ്പിലാക്കുന്നതിന് സ്പോർട്സിന്റെ ചുമതല വഹിക്കുന്ന മന്ത്രി സജീവ തത്പരനാണെന്ന് അറിയാം. എങ്കിലും അടിയന്തിരമായി ഈ പദ്ധതി നടപ്പാക്കുന്നതിന് ആവശ്യമായ നടപടിയുണ്ടാകണമെന്ന് അഭ്യർത്ഥിക്കുന്നു.

ഫിഷറീസും സ്പോർട്സും വകുപ്പുമന്ത്രി *(ശ്രീ. ഡൊമിനിക് പ്രസന്റേഷൻ):* Sports Authority of India (SAI)-യുടെ ഡയറക്ടർ ജനറൽ ശ്രീ. ജെ പി. സിംഗുമായി കഴിഞ്ഞ ഒക്ടോബർ മാസത്തിൽ ഡൽഹിയിൽ വച്ചും അതിനുശേഷം ജനുവരി മാസത്തിൽ കോവളത്തുവച്ചും നടത്തിയ ചർച്ചയിൽ ഇൻഡ്യയിൽ ആരംഭിക്കാൻ പോകുന്ന രണ്ട് ദേശീയ അത്‌ലറ്റിക് അക്കാഡമികളിൽ ഒന്ന് കേരളത്തിൽ തരാമെന്ന് സമ്മതിച്ചിട്ടുണ്ട്. അത് വനിതകൾക്കുവേണ്ടിയുള്ള ഒന്നാണ്. പുരുഷൻമാർക്കുള്ളത് പാട്യാലയിലുണ്ട്. ഇതിനുവേണ്ടി ചടയമംഗലത്ത് സ്ഥലം കണ്ടെത്താനുള്ള നിർദ്ദേശം ബഹുമാനപ്പെട്ട എം.എൽ.എ. യുടെ ഭാഗത്തുനിന്ന് വന്നു. ഇതിനുവേണ്ടി കൃഷിവകുപ്പിന്റെ അധീനതയിലുള്ള ഇട്ടിവാ പഞ്ചായത്തിലെ കോട്ടുക്കൽ കൃഷി ഫാമിൽനിന്ന് ഇരുപത് ഏക്കർ സ്ഥലം നൽകാമെന്ന് ധാരണയായിട്ടുണ്ട്. 26-6-2005-ൽ കൃഷി വകുപ്പ് ഡയറക്ടർ, സ്പോർട്സ് അഡീഷണൽ ഡയറക്ടർ എന്നിവർ പ്രാഥമിക പരിശോധന നടത്തി റിപ്പോർട്ട് നൽകിയിട്ടുണ്ട്. ആ സ്ഥലം കൈവശം കിട്ടിക്കഴിഞ്ഞാൽ ഉടൻ തന്നെ SAI-യുമായി ബന്ധപ്പെട്ട് ഏറ്റവും വേഗത്തിൽ സ്ഥാപനം തുടങ്ങാൻ വേണ്ടിയുള്ള നടപടി സ്വീകരിക്കാൻ കഴിയും എന്നാണ് പ്രതീക്ഷിക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly